# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4824 14.11.2019 -ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ രംഗത്തെ അഴിച്ചുപണികൾ

ചോദ്യം

ശ്രീ.കെ.സി.ജോസഫ്
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.അനിൽ അക്കര

മറുപടി

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) ദേശീയ വിദ്യാഭ്യാസനയം കേന്ദ്ര സർക്കാരും സംസ്ഥാന വിദ്യാഭ്യാസരംഗം സംസ്ഥാന സർക്കാരും സമൂലം അഴിച്ചുപണിയുമ്പോൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന ആശയക്കുഴപ്പം എപ്രകാരം മറികടക്കുവാനാണ് തീരുമാനി ച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(എ) കേന്ദ്ര സർക്കാർ പുതിയ ദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചിട്ടില്ല. പുതിയ വിദ്യാഭ്യാസനയം ഉണ്ടാക്കുന്ന തിന്റെ ഭാഗമായി കരട് രേഖ ചർച്ചയ്ക്കായി പൊതു സമൂഹത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ചർച്ചകൾ പൂർണ്ണമാക്കി വിദ്യാഭ്യാസ നയമായി വന്നാൽ മാത്രമേ ഇത് സംബന്ധിച്ച നിലപാടുകൾ കൈക്കൊള്ളാൻ കഴിയൂ. വിദ്യാഭ്യാസം എന്നത് കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. കേന്ദ്രവും സംസ്ഥാനവും എടുക്കുന്ന നയങ്ങളിൽ വ്യത്യസ്തത ഉണ്ടെങ്കിൽ കേന്ദ്ര നിലപാട് മാത്രമേ നിലനിൽക്കൂ. ഇപ്പോൾ നിലവിലുള്ള കേന്ദ്ര വിദ്യാഭ്യാസ നയം *1986* ൽ നിലവിൽ വന്നതും *1992* ൽ പരിഷ്കരിക്കപ്പെട്ടതുമാണ്.ദേശീയ നയത്തിനുള്ളിൽ നിലവിൽ സംസ്ഥാനങ്ങൾക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി ജനാധിപത്യ മത നിരപേക്ഷ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതും ഗുണമേന്മ യുള്ളതുമായ വിദ്യാഭ്യാസം ജനകീയ സഹകരണ ത്തോടെ വികസിപ്പിക്കാനാണ് കേരള സർക്കാർ ശ്രമിക്കുന്നത്. അതിന് അനുകൂലമായ ഫലങ്ങളാണ് ഉള്ളത് എന്നത് നമ്മുടെ അനുഭവമാണ്. ദേശീയതല പഠനങ്ങളും ഇതാണ് വ്യക്തമാക്കുന്നത്.

(ബി) വിദ്യാഭ്യാസ മേഖലയുടെ വികേന്ദ്രീകരണത്തിന് പകരം ഏകീകരണമല്ലേ ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ സംഭവിക്കുന്നത് എന്നറിയിക്കാമോ;

(ബി) എൽ.പി. മുതൽ ഹയർ സെക്കണ്ടറിവരെയുള്ള അഞ്ച് ഘട്ടങ്ങൾ (എൽ.പി.യു.പി.,എച്ച്.എസ്, എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.) അതുപോലെ തന്നെ നിലനിർത്തുവാനും അവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കുക മാത്രമാണ് നിലവിലെ ഏകീകരണം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് അക്കാദമിക രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുമെന്നതിനാൽ കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാകും.

(സി) അത് വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാര തകർച്ചക്ക് കാരണമാവുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ?

(സി) ഗുണപരമായ മാറ്റങ്ങളിലൂടെ സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളുകളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതേപോലെ നിലനിർത്തിക്കൊണ്ട് ഒരു യൂണിറ്റാക്കി മാറ്റി അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണം കൊണ്ട് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ